"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഓവർസിയർ ഗ്രേഡ് III തസ്തികയിലെ ഒഴിവ് - സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനുവദനീയ തസ്തികയിൽ സ്ഥിരനിയമനം നടക്കുന്നതുവരെ താൽക്കാലിക നിയമനം - ഭരണപരമായ സൗകര്യാർത്ഥം താൽക്കാലിക നിയമനം നടത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്ഥാപന മേധാവിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.369/2025/LSGD തീയതി,തിരുവനന്തപുരം, 06-02-2025

---

പരാമർശം:- 1. പ്രിൻസിപ്പൽ ഡയറക്ടറുടെ 24.11.24 ലെ LSGD/PD/3793/2023-DEE1, 29.01.25 ലെ LSGD/PD/41926/2024-DEE2 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പിലെ ഓവർസിയർ പോസ്റ്റുകളിൽ നിരവധി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതായും ഇതുവഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിൽ ഗുരുതരമായ പ്രതിസന്ധി രൂപപ്പെട്ടിരിക്കുന്നതായും പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിനെ അറിയിക്കുകയുണ്ടായി. മേൽസാഹചര്യത്തിൽ പ്രസ്തുത സാഹചര്യം മറികടക്കുന്നതിനായി മേൽ തസ്തികകളിലേക്ക് താൽക്കാലിക നിയമനം നടത്തുന്നതിനായി തദ്ദേശ സ്ഥാപനങ്ങൾക്കു അനുമതി നൽകണമെന്നാവശ്യപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ പ്രൊപോസൽ സമർപ്പിച്ചിട്ടുണ്ട്.

2. മേൽ സാഹചര്യം സർക്കാർ പരിശോധിച്ചു. വകുപ്പിന്റെ ഓവർസിയർ തസ്തികകളിൽ ഗ്രേഡ് III ഓവർസീയർ (സിവിൽ) തസ്തികയിൽ പി. എസ്. സി. യിൽ നിന്നും നേരിട്ടാണ് നിയമനം നടത്തുന്നത്. ഗ്രേഡ് I ഓവർസിയർ (സിവിൽ), ഗ്രേഡ് II ഓവർസിയർ (സിവിൽ) എന്നി തസ്തികകളിൽ 1:1 (നേരിട്ട് : സ്ഥാനക്കയറ്റം) അനുപാതത്തിലാണ് നിയമനം നടത്തുന്നത്. ഗ്രേഡ് I ഓവർസിയർ (സിവിൽ), ഗ്രേഡ് II ഓവർസിയർ (സിവിൽ) എന്നീ തസ്തികകളിലെ സ്ഥാനക്കയറ്റം മുഖേന നികത്തേണ്ട ഒഴിവുകളിൽ അർഹരായ ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകി നികത്തിവരുന്നു.

3. ഗ്രേഡ് I ഓവർസിയർ (സിവിൽ), ഗ്രേഡ് II ഓവർസിയർ (സിവിൽ), ഗ്രേഡ് III ഓവർസിയർ (സിവിൽ) എന്നീ തസ്തികകളിലെ പി. എസ്. സി. റാങ്ക് പട്ടിക നിലവിലുണ്ട്. മേൽ തസ്തികകളിൽ നേരിട്ടുള്ള നിയമനം വഴി നികത്തേണ്ട ഒഴിവുകളിൽ പി.എസ്. സി. യിൽ നിന്നും നിയമന ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് യഥാസമയം ബന്ധപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നുണ്ട്. എന്നിരുന്നാലും ഇപ്രകാരം നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികളിൽ ഭൂരിഭാഗം പേരും ജോലിയിൽ പ്രവേശിക്കാത്തതിനാലും, ജോലിയിൽ പ്രവേശിച്ചിട്ടുള്ളവരിൽ പലരും വളരെ ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ വകുപ്പ് വിട്ടുപോകുന്ന സാഹചര്യമുള്ളതിനാലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓവർസിയർ തസ്തികയിലെ ജീവനക്കാരുടെ അഭാവം സംജാതമാകുന്ന സാഹചര്യമാണ് നിലവിലുള്ളത് എന്നും മേൽ തസ്തികകളിലെ ജീവനക്കാരുടെ അഭാവംമൂലം സാങ്കേതിക സേവനം ആവശ്യമായ പദ്ധതി പ്രവർത്തനങ്ങളും, പൊതുജനങ്ങൾക്ക് നൽകേണ്ട

LSG GUIDE

സേവനങ്ങളും യഥാസമയം നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാരും, ഓഫീസ് മേധാവികളും, നിയന്ത്രണാധികാരികളും ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി നിരന്തരം പ്രശ്നപരിഹാരം ആവശ്യപ്പെടുന്നുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

4. മേൽ സാഹചര്യം സർക്കാർ വിശദമായി പരിശോധിച്ചു. റിപ്പോർട്ട് ചെയ്യപ്പെട്ട ഭരണപരമായ അസൗകര്യങ്ങൾ സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. പരാമർശ തസ്തികയിലെ പി.എസ്.സി റാങ്ക് പട്ടിക നിലവിലുണ്ടെങ്കിലും മേൽ പറഞ്ഞ ഭരണപരമായ പ്രശ്നങ്ങളാലും കോടതി വ്യവഹാരങ്ങൾ വഴിയുള്ള തർക്കങ്ങളാലും വകുപ്പിനാവശ്യമായ മേൽ തസ്തികയിലുള്ള മതിയായ ജീവനക്കാരെ റാങ്ക് പട്ടികയിൽ നിന്നും ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നതായി സർക്കാർ മനസിലാക്കുന്നു. മേൽ സാഹചര്യത്തിൽ പിഎസ്സി റാങ്ക് പട്ടികയിലെ ഉദ്യോഗാർഥികളുടെ താല്പര്യങ്ങൾക്ക് വിരുദ്ധമാവാത്ത രൂപത്തിലുള്ള ഒരു താൽക്കാലികമായ ഭരണപരമായ ക്രമീകരണം ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു.

5. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്കും **അനുവദനീയമായ ഓവർസിയർ ഗ്രേഡ് III തസ്തികകളിൽ, ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിലേക്ക്** താൽക്കാലിക നിയമനം നടത്താൻ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത നിയമനം പൂർണ്ണമായും താൽക്കാലികമായിരിക്കുമെന്നും പെട്ടെന്നുള്ള അനിവാര്യ സാഹചര്യം നേരിടാൻ വേണ്ടിയുള്ളതാണെന്നും പ്രത്യേകം സൂചിപ്പിക്കേണ്ടതാണ്. മേൽ നിയമനങ്ങളിൽ പരാമർശ ജോലിക്കായി പിഎസ്സി അംഗീകരിച്ചിട്ടുള്ള യോഗ്യതയ്ക്ക് പുറമെ ജോലിപരിചയം, അനുഭവസമ്പത്ത്, ഏതെങ്കിലും അംഗീകൃത ലിസ്റ്റിൽ ഉൾപ്പെട്ടവർ എന്നിവരുണ്ടെങ്കിൽ മുൻഗണന നൽകി നിയമനം നടത്തേണ്ടതാണ്. പ്രസ്തുത നിയമനങ്ങൾ പൂർണ്ണമായും സുതാര്യവും പരാതിരഹിതമായും താൽക്കാലിക നിയമനങ്ങൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ മുഴുവൻ പാലിച്ചു കൊണ്ടുള്ളതുമാകണം.

6. മേൽ താൽക്കാലിക നിയമനം, ഓരോ തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾക്കും അനുവദിച്ചിട്ടുള്ള **ഓവർസിയർ ഗ്രേഡ് III തസ്തിക, പ്രസ്തുത തസ്തികയിലേക്ക് സ്ഥിരനിയമനം നടത്താൻ കഴിയാത്ത രൂപത്തിൽ ഒഴിഞ്ഞു കിടക്കുന്നുണ്ടെങ്കിൽ മാത്രം നടത്താൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.**

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

LSG GUIDE